**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** — **10-06-2024 - ൽ മറുപടിയ്ക്ക്**

**നഗരപ്രദേശങ്ങളിലെ വെള്ളക്കെട്ട് തടയാൻ സ്വീകരിച്ച മുന്നൊരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ നഗര പ്രദേശങ്ങളിൽ വെള്ളക്കെട്ട് തടയാൻ സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തിയ മുന്നൊരുക്കങ്ങൾ വിശദമാക്കാമോ; | (എ) | 16.03.2024 തീയതിയിലെ WM3/66/2024-LSGD നമ്പർ സർക്കാർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റേയും, ആരോഗ്യവകുപ്പിന്റേയും കൂട്ടായ നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപനത്തിൽ ജനകീയ പങ്കാളിത്തത്തോടെ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനായി നീർച്ചാലുകൾ/ മലിനമായി കിടക്കുന്ന തോടുകൾ/കുളങ്ങൾ എന്നിവ ശുചീകരിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കുക ഓടകൾ വൃത്തിയാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിനായും തദ്ദേശസ്ഥാപന തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നഗര പ്രദേശങ്ങളിലെ ഓടകളും കാനകളും വൃത്തിയാക്കുന്നതിനും, തോടുകളിലെയും ആറുകളിലെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനും സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | നഗരപ്രദേശങ്ങളിലെ ഓടകളും കാനകളും വൃത്തിയാക്കുന്നതിനും തോടുകളിലേയും ആറുകളിലേയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനും നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച, കർമ്മപദ്ധതികളുടെ ഭാഗമായി നീർച്ചാലുകൾ, തോടുകൾ എന്നിവ ശുചീകരിക്കുന്നതിനായും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മഴക്കാല പൂർവ്വ ശുചീകരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭവിച്ച വീഴ്ചകൾ | (സി) | 16.03.2024 തിയതിയിലെ WM3/66/2024-LSGD നമ്പർ സർക്കാർ സർക്കുലർ പ്രകാരം |

| | | | |
|---|---|---|---|
| | പരിശോധിച്ച് അവ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | | തദ്ദേശസ്വയംഭരണ വകുപ്പിൻറേയും, ആരോഗ്യവകുപ്പിന്റേയും കൂട്ടായ നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപനത്തിൽ ജനകീയ പങ്കാളിത്തത്തോടെ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17.05.2024 ന് നടന്ന യോഗത്തിലും മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിന് എല്ലാ വകുപ്പുകൾക്കും സർക്കാർതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ